ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും.

(സി) 285 ലക്ഷം രൂപ.

(ഡി) 420 ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്.

കാർഷിക വ്യാപാര ഉന്നതതല സ്റ്റാന്റിംഗ് കമ്മിറ്റി

96 [2849] *ശ്രീ. കെ. എ. ചന്ദ്രൻ:*

„ *കെ. മോഹൻകുമാർ:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *സി. പി. മുഹമ്മദ്:*

„ *ജോർജ്ജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു കാർഷിക വ്യാപാര ഉന്നതതല സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് എന്നും ഇതിന്റെ കർത്തവ്യങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 14-1-2004-ലെ ജി.ഒ. (എംഎസ്.) നമ്പർ 3/2004/എ.ഡി. പ്രകാരം സംസ്ഥാനത്ത് ഒരു കാർഷിക വ്യാപാര ഉന്നതതല സ്റ്റാന്റിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു.†

അഗ്രിവിഷൻ ഡിസ്ട്രിക്ട് സപ്പോർട്ട് സിസ്റ്റം

97 [2850] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:*

„ *ജോർജ്ജ് ജെ. മാത്യു:*

„ *വി. ജെ. പൗലോസ്:*

ഡോ. എം. എ. കുട്ടപ്പൻ:

ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം അഗ്രിവിഷൻ ഡിസ്ട്രിക്ട് സപ്പോർട്ട് സിസ്റ്റം നടപ്പാക്കാനുദ്ദേശിക്കുന്നു എന്ന് അറിയിക്കുമോ;

---

†അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുവേണ്ടി എന്ത് തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഈ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇടുക്കി, ആലപ്പുഴ ജില്ലകളിൽ.

(ബി) 300 ലക്ഷം രൂപ.

(സി) ഉണ്ട്.

(ഡി)

1.	അഗ്രിക്കൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ	–	ചെയർമാൻ
2.	കൃഷി വകുപ്പ് ഡയറക്ടർ	–	കൺവീനർ
3.	മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ	–	അംഗം
4.	ക്ഷീരവികസന വകുപ്പ് ഡയറക്ടർ	–	അംഗം
5.	കേരള കാർഷിക സർവ്വകലാശാല പ്രതിനിധി	–	അംഗം
6.	ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ച് പ്രതിനിധി	–	അംഗം
7.	സംസ്ഥാന ആസൂത്രണ ബോർഡ് പ്രതിനിധി	–	അംഗം
8.	സി.ഡബ്ല്യു.ആർ.ഡി.എം. പ്രതിനിധി	–	അംഗം

കോഴിക്കോട് ജില്ലയിലെ കർഷകർക്ക് ധനസഹായം

98 [2852] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-ലെ കാലവർഷക്കെടുതിമൂലം കോഴിക്കോട് ജില്ലയിലെ ഏറത്തൂർ, തലക്കളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട പഞ്ചായത്തുകളിൽ ഓരോന്നിലും എത്ര രൂപയുടെ കൃഷിനാശം ഉണ്ടായി എന്നത് സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ലഭ്യമാക്കുമോ;

(ബി) ഇവർക്ക് നഷ്ടപരിഹാരമായി എന്തെങ്കിലും സഹായധനം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വീതം ഓരോ പഞ്ചായത്തിനും നൽകി എന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly